Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

08/04/2020

ഈശോയിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ,

ഈ ലോക്ഡൗൺ കാലത്ത് പള്ളികളിൽ പ്രാർത്ഥനയും സേവനവുമായി കഴിയുന്ന നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ.

അനേകരെ കുമ്പസാരിപ്പിച്ചും രോഗികൾക്ക് വിശുദ്ധ കുർബാന വീടുകളിൽ എത്തിച്ചും കുരുത്തോല പ്രദക്ഷിണം, കാൽകഴുകൽ, പെസഹ ആരാധന, അപ്പംമുറിക്കൽ, കുരിശിന്റെ വഴി, പരിഹാരപ്രദക്ഷിണം എന്നിവ നടത്തിയും പ്രതീക്ഷയുടെ ഉയിർപ്പ് തിരുനാൾ ആഘോഷമാക്കേണ്ട ഈ ദിവസങ്ങളിൽ പള്ളിയിൽ ഒറ്റയ്ക്ക് വിശുദ്ധ കുർബാന അർപ്പിച്ച് ജനത്തിന്റെ ഹൃദയവേദന ഏറ്റുവാങ്ങി കഴിയുന്ന നിങ്ങളുടെ മനോവികാരങ്ങളിൽ ഞാനും പങ്കുചേരുന്നു. ഈ കഠിന നാളുകളിൽ നിങ്ങൾ ഭാവനാത്മകമായി നിരവധി നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. അനേകർക്ക് ഭക്ഷണവസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുന്നതിന് നമ്മുടെ ഇടവകകളും സഹൃദയയും ശ്രദ്ധിക്കുന്നുണ്ട്. അജഗണത്തെ ധൈര്യപ്പെടുത്തിയും മാസ്ക്കുകളും സാനിറ്റൈസറുകളും നിർമ്മിച്ചു നൽകിയും പാവപ്പെട്ടവർക്കും വഴിയരികിലുള്ളവർക്കും അതിഥി തൊഴിലാളികൾക്കും ഭക്ഷണം നൽകിയും രോഗികൾക്ക് മരുന്ന് എത്തിച്ചുകൊടുത്തും അജപാലകരായ നിങ്ങൾ, യേശു സാന്നിധ്യമായി നിലകൊള്ളുന്നത് സഭയ്ക്ക് അഭിമാനമാണ്. ചെന്നായ് വരുമ്പോൾ ഓടിപ്പോകാത്ത നല്ല ഇടയരെയാണ് നിങ്ങൾ ഇതുവഴി ജനങ്ങൾക്ക് കാണിച്ചു കൊടുക്കുന്നത്. വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നത് പ്രശംസനീയമാണ്. ലോക്ഡൗൺ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളോടുള്ള നിങ്ങളുടെ പൂർണ്ണ സഹകരണം എല്ലാവർക്കും മാതൃകയാണ്.

പാവങ്ങളോടുള്ള കരുതലിനും വീട്ടിൽനിന്ന് ദൂരെയായിരിക്കുന്നവരുടെ ക്ഷേമാന്വേഷണത്തിനും വീട്ടിലിരിക്കുന്ന കുട്ടികൾക്ക് വിവിധ കളികളിലൂടെ വിശ്വാസ പരിശീലനം നൽകുന്നതിനും നിങ്ങൾ കാണിക്കുന്ന ശ്രദ്ധയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പാട്ടുകൊണ്ടും സന്ദേശങ്ങൾകൊണ്ടും സാന്ത്വനവചസ്സുകൾകൊണ്ടും ഇടയരായ നിങ്ങൾ ആടുകളുടെ ഹൃദയമിടിപ്പും ആശങ്കകളും അറിഞ്ഞ് പ്രവർത്തിക്കുന്നത് പ്രോത്സാഹനജനകമാണ്. സാധിക്കുമെങ്കിൽ നിങ്ങളുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളേയും ഈ ദിവസങ്ങളിൽ ഫോണിൽ വിളിച്ച് വിശേഷങ്ങൾ ആരായുന്നത് നന്നായിരിക്കും.

യേശുക്രിസ്തു സ്ഥാപിച്ച പൗരോഹിത്യത്തിൽ നമ്മളെല്ലാവരും ഒന്നാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് കൂട്ടുപോയ ക്രിസ്തുവിനെപ്പോലെ വചനം കൊണ്ടും ബലികൊണ്ടും നമ്മുടെ ജനത്തോടൊപ്പമായിരിക്കാം. ഈ വിഷമഘട്ടത്തിൽ നമ്മുടെ വിശ്വാസം ദൃഢപ്പെടുത്തണം. നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണെന്നും ഈ കാറ്റും കോളും നിറഞ്ഞ കടലിൽ കർത്താവ് നമ്മുടെ വഞ്ചിയിൽ ഉണ്ടെന്നും ഉറച്ചു വിശ്വസിക്കാം. ഈ മഹാമാരിയിൽനിന്ന് ലോകജനതയെ രക്ഷിക്കണമെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് വിളിച്ച് അപേക്ഷിക്കാം. അപ്പോൾ എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്ന കർത്താവ് ഈ ഭയാശങ്കകൾക്കിടയിലും ആശ്വാസത്തിന്റെ പുതിയ തീരങ്ങൾ നമുക്ക് കാണിച്ചു തരും.

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ആര് നമ്മെ വേർപെടുത്തും? ക്ളേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ ഒന്നും നമ്മെ ആ സ്നേഹത്തിൽ നിന്നും അകറ്റില്ല. കാരണം അവന്റെ കുരിശിനാൽ രക്ഷിക്കപ്പെട്ടവരും ആ രക്ഷ എല്ലാവർക്കും പങ്കുവച്ചു കൊടുക്കുന്നവരുമാണ് നമ്മൾ. ഈ കാലം ആവശ്യപ്പെടുന്ന കുരിശ് നമുക്ക് ഒന്നിച്ച് ചുമക്കാം. പരിശുദ്ധാത്മാവ് അതിനു നമ്മെ ബലപ്പെടുത്തട്ടെ. അടച്ചിട്ട മുറിയിലേക്ക് സമാധാനത്തിന്റെ ദൂതുമായി വന്ന ഉത്ഥിതന്റെ സാന്നിധ്യമാണ് ഉയർപ്പുതിരുനാളിന്റെ ഏറ്റവും വലിയ സന്തോഷവാർത്ത. നിങ്ങൾക്കെല്ലാവർക്കും ഈസ്റ്ററിന്റെ സമാധാനവും സന്തോഷവും ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

+ A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •